(സി) നോമിനേറ്റ് ചെയ്യപ്പെട്ട സിൻഡിക്കേറ്റുകളുടെ കാലാവധി എത്ര പ്രാവശ്യം നീട്ടിക്കൊടുത്തു; ഈ രണ്ട് സർവ്വകലാശാലകളിലും ഇപ്പോൾ ഉള്ള നോമിനേറ്റഡ് സിൻഡിക്കേറ്റിന്റെ കാലാവധി എന്നുവരെയാണ്;

(ഡി) സർവ്വകലാശാല നിയമം അനുശാസിക്കുന്ന വിധം തെരഞ്ഞെടുപ്പ് നടത്തി അധികാരം തെരഞ്ഞെടുക്കപ്പെട്ട സെനറ്റിനും സിൻഡിക്കേറ്റിനും കൈമാറുന്ന പ്രക്രിയ എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) കോഴിക്കോട് സർവ്വകലാശാലയിൽ സെനറ്റിന്റെ എല്ലാ മണ്ഡലങ്ങളുടെയും തെരഞ്ഞെടുപ്പ് പൂർത്തിയായി കഴിഞ്ഞു. സെനറ്റ് രൂപീകരിക്കാൻ സർവ്വകലാശാല ചാൻസലർക്ക് ശുപാർശ ചെയ്തിട്ടുണ്ട്. കേരള സർവ്വകലാശാലയിൽ സെനറ്റ് പ്രതിനിധികളെ തെരഞ്ഞെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 5-1-2005-ൽ പിരിച്ചുവിട്ടു.

(സി) ഒരു പ്രാവശ്യം നീട്ടിക്കൊടുത്തു. 11-1-2006-ൽ കാലാവധി അവസാനിച്ചു.

(ഡി) കോഴിക്കോട് സർവ്വകലാശാലയിൽ സെനറ്റ് രൂപീകരിച്ച് വിജ്ഞാപനം വരുന്ന മുറയ്ക്കും കേരള സർവ്വകലാശാലയിൽ തെരഞ്ഞെടുപ്പ് പൂർത്തിയാക്കി സെനറ്റ് രൂപീകരിക്കുന്ന മുറയ്ക്കും സിൻഡിക്കേറ്റുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

റാഗിംഗ് നിരോധന നിയമം

16 [*171] ശ്രീ. കെ. സി. ജോസഫ് :
,, എം. കെ. പോൾസൺ മാസ്റ്റർ :
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റാഗിംഗ് നിരോധന നിയമം എന്നുമുതലാണ് പ്രാബല്യത്തിൽ വന്നത്;

(ബി) പ്രസ്തുത നിയമമനുസരിച്ച് എന്തെല്ലാം കാര്യങ്ങൾക്കാണ് ഇനിയും ചട്ടങ്ങളുണ്ടാക്കേണ്ടത്;

(സി) ഇതുവരെ എന്തെല്ലാം കാര്യങ്ങൾക്ക് ചട്ടമുണ്ടാക്കി;

(ഡി) ഈ നിയമത്തിന് പൂർണ്ണമായും ചട്ടങ്ങളുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) 1998-ലെ കേരള റാഗിംഗ് നിരോധന ആക്ട് (1998-ലെ 10-ാം ആക്ട്), 1997 ഒക്ടോബർ 23-ാം തീയതിയിലാണ് പ്രാബല്യത്തിൽ വന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി & സി) ഈ ആക്ടിലെ സെക്ഷൻ 8 പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. എന്നാൽ ഏതെങ്കിലും സെക്ഷൻ നടപ്പിലാക്കുന്നതിന് പ്രത്യേക ചട്ടം ഉണ്ടാക്കണമെന്ന് ആക്ട് അനുശാസിക്കുന്നില്ല. അതിനാൽ ചട്ടങ്ങൾ ഉണ്ടാക്കിയിട്ടില്ല.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

ഇടനിലക്കാരെ ഒഴിവാക്കി പാടശേഖര സമിതികളിൽ നിന്നും നെല്ല് സംഭരിക്കാൻ നടപടി

17 [*172] ശ്രീ. വി. ചെന്താമരാക്ഷൻ :

,, വി. കെ. ചന്ദ്രൻ :

,, പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഈ സീസണിൽ നെല്ല് സംഭരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ;

(ബി) ഇടനിലക്കാരെ ഒഴിവാക്കി പാടശേഖര സമിതികളിൽ നിന്നും നെല്ല് നേരിട്ട് സംഭരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കഴിഞ്ഞ തവണ നെല്ല് സംഭരിച്ച വകയിൽ നൽകേണ്ട സംഭരണ സബ്സിഡിയും ഇൻസെന്റീവും ഇതുവരെ കൊടുത്തിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ ഇനത്തിൽ എന്തു തുകയാണ് നൽകുവാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ തവണത്തെ നെല്ലു സംഭരണ വില എത്രയായിരുന്നു എന്നത് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പു മന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഈ സീസണിൽ നെല്ല് സംഭരണം നടത്തുന്നുണ്ട്. അതിനായി കർഷകരിൽ നിന്നുള്ള വിവരങ്ങൾ ശേഖരിച്ചുകഴിഞ്ഞു. നെല്ല് സംഭരിച്ച് അരിയാക്കി നൽകുന്നതിന് 89 മില്ലുകളിൽ നിന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ നിന്ന് ഇതുവര 30 മില്ലുകളുമായി കരാർ ഒപ്പ് വയ്ക്കുകയും ഇവർക്ക് ഏതൊക്കെ പഞ്ചായത്തുകളിൽ നിന്നാണ് നെല്ല് സംഭരിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് നിർദ്ദേശം നൽകുകയും ചെയ്തിട്ടണ്ട്.

(ബി) ഈ സീസണിൽ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽ നിന്നും നേരിട്ടാണ് നെല്ല് സംഭരിക്കുന്നത്.

(സി & ഡി) കഴിഞ്ഞ തവണ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് നൽകുവാനുള്ള നെല്ലിന്റെ വില പൂർണ്ണമായും നൽകി കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly